# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവത്ക്കരണം</u>

2742

ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ഇതേവരെ തൊഴിൽ ലഭിക്കാത്ത ഉദ്യോഗാർത്ഥികളെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കാമോ;

(സി) പേര് രജിസ്റ്റർ ചെയ്തിട്ട് ഇതുവരെ തൊഴിൽ ലഭിക്കാത്ത 50 വയസ്സിനു മുകളിൽ പ്രായമുള്ള എത്ര പേർ ഉണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എംപ്ലോയ്മെന്റ് റിന്യൂവൽ അടക്കംകമ്പ്യൂട്ടർ വഴി നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) സ്വകാര്യമേഖലയിലെ ഒഴിവുകൾ കൂടി എംപ്ലോയ്മെന്റ് വഴി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>യുവജനങ്ങൾക്കുവേണ്ടിയുള്ള തൊഴിൽദാന പദ്ധതി</u>

2743 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം ഒരുലക്ഷം യുവജനങ്ങൾക്ക് തൊഴിൽ നൽകാൻ ഉദ്ദേശിക്കുന്ന തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏതു ഘട്ടത്തിലാണ് ;

(ബി) പദ്ധതി എന്നു മുതലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; കേന്ദ്ര സഹായമോ നബാർഡ് പോലുള്ള ഏജൻസികളുടെ സഹായമോ ഈ പദ്ധതിക്ക് ലഭ്യമാക്കുമോ ;

(സി) സർക്കാർ, വായ്പയും പരിശീലനവും നൽകി സ്വയം തൊഴിൽ കണ്ടെത്തുന്ന രീതിയിലായിരിക്കുമോ പദ്ധതി നടപ്പാക്കുക ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ഒരു കമ്മീഷനും ഡയറക്ടറേറ്റിനും രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ഇ) പദ്ധതിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പേര് എന്താണ് ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സ്ഥിരനിയമനം</u>

2744 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്രപേർക്ക് സ്ഥിരം തൊഴിൽ നിയമനം നൽകി എന്നും ഏതൊക്കെ വകുപ്പുകളിലെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി</u>

2745 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ കണ്ടെത്താനുള്ള എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

**എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ഓൺ ലൈൻ ആക്കാൻ നടപടി**

2746 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ റദ്ദാക്കിയത് പുതുക്കാൻ ഏറ്റവും ഒടുവിൽ അവസരം നൽകിയതിലൂടെ എത്ര പേർക്ക് രജിസ്ട്രേഷൻ പുതുക്കാനായി;

(ബി) ഇതിനായി കൂടുതൽ സമയം ഇനിയും അനുവദിക്കുന്നതിന് തടസ്സമുണ്ടോ;

(സി) രജിസ്ട്രേഷൻ പുതുക്കുന്ന നടപടി ഓൺ-ലൈൻ ആക്കുന്ന കാര്യം ആലോചനയിലുണ്ടോ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ നൽകാൻ നടപടി

2747 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി കട്ടപ്പന ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ശ്രീ. ബി. സുനിൽ എന്നയാൾ 383/2000 നമ്പരായി 09.03.2000-ൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ടിയാൻ വികലാംഗനാണോ; എങ്കിൽ എത്ര ശതമാനം വികലാംഗത്വം ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ടിയാനെ ഏതെങ്കിലും തരത്തിലുള്ള ജോലിക്ക് പരിഗണിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) വികലാംഗരായ ഉദ്യോഗാർത്ഥികളെ സർക്കാർ സർവ്വീസിൽ ജില്ലാ കളക്ടർ നേരിട്ട് നിയമിക്കുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) ശ്രീ. ബി. സുനിലിന് നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് എടുത്ത നടപടികൾ വ്യക്തമാക്കുമോ;

(എഫ്) ടിയാന് അടിയന്തിരമായി ജോലി നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർ</u>

2748 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജക മണ്ഡലത്തിൽ നിന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരും 15 വർഷമോ അതിലേറെയോ സീനിയോറിട്ടി ഉള്ളവരും, എന്നാൽ നാളിതുവരെ താല്ക്കാലിക നിയമനം ലഭിക്കാത്തവരുമായ തൊഴിൽ രഹിതരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം രജിസ്റ്റർ ചെയ്തവരിൽ സ്ത്രീകൾ, പുരുഷൻമാർ, വൈകല്യമുള്ളവർ, വിധവകൾ എന്നിവർ എത്ര വീതം വരുമെന്ന് അറിയിക്കുമോ;

(സി) നിലവിൽ എത്ര വർഷം സീനിയോറിട്ടി ഉളളവർക്കാണ് ഇപ്രകാരം താല്ക്കാലിക നിയമനം നല്കി വരുന്നത് ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

ഓൺ ലൈൻ നെറ്റ് സർട്ടിഫിക്കറ്റുകളുടെ സാധുത

2749 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി ഗ്രാൻഡ്സ് കമ്മീഷൻ (യു.ജി.സി) നടത്തുന്ന നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) സർട്ടിഫിക്കറ്റുകൾ ഓൺ ലൈനായി ലഭിക്കുന്നത് എംപ്ലോയ്മെന്റ് എക്സേഞ്ചുകളിൽ സ്വീകരിക്കുന്നില്ല എന്ന വ്യാപകമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓൺ ലൈൻ വഴി എടുക്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമാണ് എന്നതിന് ഏതെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച സ്പഷ്ടീകരണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ബാലവേല തടയുന്നതിന് നിയമങ്ങൾ</u>

2750

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലവേല തടയുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ബാലവേല തടയുന്നതിനു വേണ്ടി നിലവിലുള്ള നിയമങ്ങൾ ബന്ധപ്പെട്ടവർ കാര്യക്ഷമമായി നടപ്പിലാക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാമൂഹ്യതിന്മയ്ക്കെതിരായ നിയമങ്ങൾ വീഴ്ച കൂടാതെ നടപ്പിലാക്കുന്നതിന് ജനകീയ സമിതികൾക്കു കൂടി പങ്കാളിത്തം ഉറപ്പാക്കാൻ ശ്രമിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ബാലവേല തടഞ്ഞ് - പുനരധിവസിപ്പിക്കാൻ പദ്ധതി</u>

2751 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലവേല തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ;

(ബി) ബാലവേല ചെയ്യിച്ചതിന്റെ പേരിൽ എത്രപേർക്കെതിരെ കേസ് ചാർജ് ചെയ്തു എന്ന് അറിയിക്കുമോ;

(സി) ബാലവേല ചെയ്യുവാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി കുട്ടികൾക്ക് പഠനം, ഭക്ഷണം, വസ്ത്രം എന്നിവ നൽകുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഐ. ടി. ഐ. കളിലെ കുട്ടികൾക്ക് സാങ്കേതിക മികവ്</u>

2752 ശ്രീ. എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഐ. കളിൽ കാലഹരണപ്പെട്ട പഠന അദ്ധ്യായങ്ങൾ മാറ്റുവാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്;

(ബി) ഐ. ടി. ഐ. കളിൽ കാലം മാറിയതനുസരിച്ച് പുത്തൻ വ്യവസായങ്ങൾക്കും, ലോകക്ഷേമത്തിനും വേണ്ടുന്ന സാങ്കേതിക മികവ് കുട്ടികൾക്ക് സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പുതിയ ഐ.റ്റി.ഐ സ്ഥാപിക്കുന്നതിന് നടപടി</u>

2753 ശ്രീ. സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ഐ.റ്റി.ഐ കൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) നിലവിലുള്ള ഐ.റ്റി.ഐ കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഐ.റ്റി.ഐ കളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ചാലക്കുടി വനിതാ ഐ. ടി. ഐ.

2754 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പണിപൂർത്തിയാക്കി ഉത്ഘാടനം കഴിഞ്ഞ ചാലക്കുടി വനിതാ ഐ. ടി. ഐ. യിൽ പുതിയ കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; ഏതെല്ലാം കോഴ്സുകൾക്കാണ് അനുമതി നൽകുവാൻ പരിഗണിക്കുക എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പേരാമ്പ്രയിൽ പുതിയ ഐ.ടി.ഐ. അനുവദിക്കാൻ നടപടി</u>

2755

**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ പുതിയ ഐ.ടി.ഐ. കൾ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) എങ്കിൽ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ പുതുതായി ഐ.ടി.ഐ. സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ഐ.ടി.ഐ കളിലെ കോഴ്സുകൾക്ക്</u>
<u>എൻ.സി.വി.റ്റി അംഗീകാരം</u>

2756 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര സർക്കാർ വ്യവസായ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത ഐ.ടി.ഐ കളിൽ ഓരോന്നിലും ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത് ;

(സി) എല്ലാ കോഴ്സുകൾക്കും എൻ.സി.വി.റ്റി. അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) എല്ലാ കോഴ്സുകൾക്കും എൻ.സി.വി.റ്റി. അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം</u>

2757 ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ
,, മാത്യു ടി. തോമസ്
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്ര തൊഴിലാളികളാണ് നിലവിൽ ഇവിടെ ജോലി ചെയ്യുന്നത്;

(ബി) ജില്ല തിരിച്ചും തൊഴിൽ മേഖലതിരിച്ചും ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ നടപടി</u>

2758 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം</u>

2759

ശ്രീ. സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം</u>

2760 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന ലോട്ടറി തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികളെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന കരാറുകാരുടെയും ഏജന്റുമാരുടെയും ചൂഷണങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അന്യ സംസ്ഥാന തൊഴിലാളികൾക്ക് യഥാർത്ഥ കൂലി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സംഘടിത തൊഴിലാളികൾക്ക് മിനിമം വേതനം</u>

2761 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കാൻ തൊഴിൽ നയത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) വർദ്ധിച്ചുവരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണവും പ്രശ്നങ്ങളും നേരിടാൻ ഇപ്പോൾ തൊഴിൽ വകുപ്പിന് സാധ്യമാകുന്നുണ്ടോ; ഇതിനായി തൊഴിൽ വകുപ്പിനെ പുന:സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>അന്തമാൻ ടിമ്പർ ഇൻഡസ്ട്രീസിലെ തൊഴിലാളികൾക്ക്
ശമ്പളം ലഭ്യമാക്കാൻ നടപടി</u>

2762 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അന്തമാൻ ടിമ്പർ ഇൻഡസ്ട്രീസിലെ തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(സി) ആറുമാസമായി ശമ്പളവും മറ്റ് ആനുകൂല്യവും ലഭിക്കാത്ത തൊഴിലാളി കുടുംബങ്ങൾക്ക് പ്രതിമാസം നിശ്ചിത തുക ലഭ്യമാക്കുന്ന ഒരു സമാശ്വാസ പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സെക്യൂരിറ്റി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാൻ നടപടി</u>

2763 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെക്യൂരിറ്റി തൊഴിലാളികൾക്ക് മിനിമം വേതനം ബാധകമാക്കിയത് എന്ന് മുതലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിയമം ബാധകമാക്കിയെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ പോലും ഈ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവർക്ക് മിനിമം വേതനം ലഭ്യമാക്കാൻ ആവശ്യമായ നപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന ക്രിമിനൽ കുറ്റങ്ങൾ</u>

2764 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കുറ്റങ്ങൾ/മോഷണ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് ഈ മേഖലയിലെ അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇവരിൽ എത്രപേർ ഇവിടെ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) പോലീസ് സ്റ്റേഷനുകളിൽ പേര് രജിസ്റ്റർ ചെയ്യാത്ത ഇത്തരം ജോലിക്കാരുടെ കണക്കെടുക്കാൻ പ്രത്യേക നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഷൊർണ്ണൂർ റയിൽവേ സ്റ്റേഷനിലെ കരാർ തൊഴിലാളികളുടെ ശമ്പളം വർദ്ധിപ്പിക്കാൻ നടപടി</u>

2765 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ റയിൽവേസ്റ്റേഷനിലെ കരാറുകാരന്റെ കീഴിൽ ജോലി ചെയ്യുന്ന 35-ഓളം തൊഴിലാളികൾക്ക് കഴിഞ്ഞ മൂന്ന് വർഷത്തോളമായി ബോണസ് നൽകുന്നില്ല. ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികളിൽ നിന്ന് പ്രോവിഡന്റ് ഫണ്ടിലേക്കുള്ള വിഹിതം അവരുടെ ശമ്പളത്തിൽ നിന്ന് പിടിക്കുന്നുണ്ടെങ്കിലും ആയതിന്റെ യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല; ആയതു ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ശമ്പള വർദ്ധനവിനുവേണ്ടി സമരം ചെയ്യുന്ന പ്രസ്തുത തൊഴിലാളികൾക്ക് ശമ്പളം വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ തോട്ടം തൊഴിലാളികളുടെ സംരക്ഷണത്തിനായി ഒരു പ്രത്യേക പാക്കേജ്</u>

2766 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി പഞ്ചായത്തിലെ തോട്ടം മേഖലയിലുള്ള പ്രതിസന്ധികാരണം, ജനങ്ങൾ വിവിധ പ്രദേശങ്ങളിലേക്ക് താമസം മാറുന്നതായും ജനസംഖ്യയിൽ ഗണ്യമായ കുറവ് വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തോട്ടം തൊഴിലാളികളുടെ സംരക്ഷണത്തിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) നെല്ലിയാമ്പതിയിലെ തോട്ടം തൊഴിലാളികളുടെ സംരക്ഷണത്തിനായി ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

വേതനപൂരക പദ്ധതി പ്രകാരം തൊഴിലാളികൾക്ക് വേതനം

2767 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേതനപൂരക പദ്ധതി പ്രകാരം 2010-11 വർഷത്തേക്ക് എത്ര തുകയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം വിഭാഗം തൊഴിലാളികൾക്ക് എത്ര വീതമാണ് അനുവദിച്ചത്;

(സി) മേൽതുക, ഓരോ വിഭാഗം തൊഴിലാളികൾക്കും വിതരണം ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഉടൻ വിതരണം ചെയ്യാൻ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>മീരാഫ്ളവർ എസ്റ്റേറ്റ് തൊഴിലാളികളെ സംരക്ഷിക്കുന്നതിനായുള്ള നടപടി</u>

2768 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ മീരാഫ്ളവർ എസ്റ്റേറ്റ് സർക്കാർ ഏറ്റെടുത്തതിന് ശേഷം അവിടെയുള്ള തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി പ്ലാന്റേഷൻ നിയമത്തിന്റെ പരിധിയിൽ ഇവിടത്തെ തൊഴിലാളികളെ സഹായിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>അംഗീകാരമില്ലാത്ത ഐ. റ്റി. സി. കൾ</u>

2769 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട് പഞ്ചായത്തിൽ അരിയോട്ടുകോണത്ത് ഗുരുദേവ് ഐ. റ്റി. സി. എന്ന സ്വകാര്യ സ്ഥാപനം അംഗീകരിച്ചതാണോ;

(ബി) പ്രസ്തുത ഐ. റ്റി. സി.യ്ക്ക് എൻ. സി. വി. റ്റി. അംഗീകാരമുണ്ടോ;

(സി) സംസ്ഥാനത്ത് എൻ. സി. വി. റ്റി. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എത്ര ഐ. റ്റി. സി.കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അംഗീകാരമില്ലാത്ത സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നോക്കുകൂലി നിർത്തലാക്കുന്നതിന് നടപടി</u>

2770 ശ്രീ. കെ. വി. വിജയദാസ്
,, പി. ശ്രീരാമകൃഷ്ണൻ
,, എം. ചന്ദ്രൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറുദിന പരിപാടിയുടെ ഭാഗമായി നോക്കുകൂലി നിർത്തലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രഖ്യാപനമനുസരിച്ച് നോക്കുകൂലി ഏതെല്ലാം സ്ഥലങ്ങളിൽ ഇതിനകം നിർത്തലാക്കുകയുണ്ടായി;

(സി) ഇത് ഏത് ദിവസത്തിനകം പാടെ നിർത്തലാക്കാനാണ് ഉദ്ദേശിക്കുന്നത്;

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>ക്ഷേമനിധി രജിസ്ട്രേഷന്‍ പുനരാരംഭിക്കാന്‍ നടപടി</u>

2771 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2010 ഡിസംബറില്‍ നിര്‍ത്തല്‍ ചെയ്ത നിര്‍മ്മാണ തൊഴിലാളി ക്ഷേമനിധി രജിസ്ട്രേഷന്‍ പുനരാരംഭിക്കാന്‍ നടപടി സ്വീകരിക്കുമോ;

(ബി) പെന്‍ഷനായ തൊഴിലാളികള്‍ക്ക് പെന്‍ഷനായ ഉടനെ തന്നെ പെന്‍ഷന്‍ ലഭിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഈറ്റ തൊഴിലാളികൾക്കുള്ള ക്ഷേമനിധി ഓഫീസ്</u>

2772 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈറ്റ തൊഴിലാളികൾക്കുള്ള ക്ഷേമനിധി ഓഫീസ് തിരുവനന്തപുരത്ത് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈറ്റ തൊഴിലാളികൾക്ക് പ്രൊവിഡന്റ് ഫണ്ട് സൗകര്യം ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ;

(സി) ബാംബു കോർപ്പറേഷൻ മുഖേന തൊഴിലാളി കുടുംബങ്ങളിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ഭവന നിർമ്മാണധനസഹായം എന്നിവ നിർത്തൽ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവ പുനഃസ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

**കേരള ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളി ക്ഷേമപദ്ധതി**

2773 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമപദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഏതെങ്കിലും സംഘടന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഈ ക്ഷേമനിധി ബോർഡ് പുന:സംഘടിപ്പിക്കുമ്പോൾ ബൈലോ പ്രകാരമുള്ള പ്രാതിനിധ്യം സംഘടനകൾക്ക് നൽകിയിട്ടുണ്ടോ;

(ഡി) അംശാദായം ബാങ്കിൽ അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ;

(ഇ) ഈ ക്ഷേമനിധിയിൽ ചേരുന്നതിനുള്ള പ്രായപരിധി 18 മുതൽ 55 വയസ്സ് വരെയാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ക്ഷേമനിധി ബോർഡിന്റെ ഫണ്ട് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ചാത്തന്നൂർ ഗവ: ഐ.ടി.ഐ. യിൽ പുതിയ ട്രേഡുകൾ</u>

2774 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗവ: ഐ.ടി.ഐ. യിൽ കഴിഞ്ഞ വർഷം വരെ ഏതൊക്കെ ട്രേഡുകളിലാണ് പഠനം ഉണ്ടായിരുന്നത്; ഇതിൽ ഏതെങ്കിലും ട്രേഡുകൾ ഈ വർഷം നിർത്തൽ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) സ്ഥലപരിമിതി മൂലം ഏതെങ്കിലും ട്രേഡുകൾ നിർത്തിവച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തീരുമാനം എടുത്തത് ഏത് ഉദ്യോഗസ്ഥ മേധാവിയാണ്; ട്രേഡ് നിർത്തൽ ചെയ്യേണ്ട സാഹചര്യത്തെക്കുറിച്ച് ജനപ്രതിനിധികളെ അറിയിക്കുകയോ പരിഹാരം തേടുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) ഇല്ലായെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ആവശ്യപ്പെടുമോ;

(ഡി) പുതുതായി ഏതൊക്കെ ട്രേഡുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇവ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ</u>

2775 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ ഏതു വർഷമാണ് പ്രവർത്തനമാരംഭിച്ചത്;

(ബി) ഏതൊക്കെ ട്രേഡുകളാണ് അവിടെ പഠിപ്പിക്കുന്നത്; വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനം സർക്കാർ കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്; അല്ലെങ്കിൽ ഇതിന്റെ മാസവാടക എത്ര രൂപയാണ്;

(ഡി) വാടക ഇനത്തിൽ ഇപ്പോൾ കുടിശ്ശിക ഉണ്ടോ; എങ്കിൽ എത്ര;

(ഇ) ആരാണ് ഇതിന്റെ വാടകയും കുടിശ്ശികയും നൽകേണ്ടത്; വിശദാംശങ്ങൾ നൽകുമോ;

(എഫ്) സ്ഥാപനത്തിന്റെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികൾ ഇതുമായി ബന്ധപ്പെട്ട് കൈക്കൊള്ളും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>മോട്ടോർ തൊഴിലാളി അവകാശ പത്രിക</u>

2776 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ തൊഴിലാളി സംഘടനകൾ ഒരു അവകാശപത്രിക സമർപ്പിക്കുകയുണ്ടായോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാദമി

2777 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ ആരംഭിക്കുന്ന സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമിക്ക് വേണ്ടി കൊല്ലം ജില്ലാസഹകരണ സ്പിന്നിംഗ് മില്ല് വക വസ്തുവിൽ നിന്നും എത്ര ഏക്കർ ഭൂമിയാണ് ഗവ. വിലക്ക് വാങ്ങിയത്;

(ബി) പ്രസ്തുത ഭൂമിയിൽ അക്കാഡമിയുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും, ഇതിനായി എത്ര രൂപയാണ് വകമാറ്റിയിട്ടുളളതെന്നും അറിയിക്കുമോ;

(സി) അക്കാഡമിയുടെ നിർമ്മാണപ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കുമോ; നിർമ്മാണപ്രവർത്തനത്തിന് പുരോഗതി ഇല്ലെങ്കിൽ അതിനുളള കാരണം വ്യക്തമാക്കുമോ. തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(ഡി) നിർമ്മാണം പൂർത്തീകരിക്കുമ്പോൾ അവിടെ ഏതൊക്കെ കോഴ്സുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ആരോഗ്യ ഇൻഷുറൻസ് പദ്ധതി</u>

2778 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ പങ്കാളികളാവുന്ന സ്വകാര്യ സഹകരണ ആശുപത്രികൾക്ക് ഏതെങ്കിലും തരത്തിലുള്ള പ്രോത്സാഹനങ്ങളോ സഹായ പദ്ധതിയോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിലെ ചികിത്സാ സൗകര്യം

2779 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് അറിയിക്കുമോ;

(സി) ഒഴിവുകൾ നികത്താൻ നടപടി കൈക്കൊള്ളുമോ;

(ഡി) ഈ ആശുപത്രിയിലെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>കോട്ടക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറി</u>

2780 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ മെഡിക്കൽ ഓഫീസറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഒഴിവ് നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

പുതുതായി ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ നടപടി

2781 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെ പുതിയതായി ഉൾപ്പെടുത്തി ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടോ ;

(ബി കേരളത്തിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട തൊഴിലാളി സമൂഹം ഒരു ക്ഷേമനിധിയുടെയും പരിധിയിൽ വരാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

സെക്യൂരിറ്റി തൊഴിലാളികൾക്ക് ക്ഷേമനിധി

2782 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്യൂരിറ്റി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി എങ്കിൽ പ്രസ്തുത ആവശ്യം അംഗീകരിച്ച് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കർഷക തൊഴിലാളി ക്ഷേമനിധി</u>

2783 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര കർഷക തൊഴിലാളികളാണ് ക്ഷേമനിധിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അധിവർഷ ആനുകൂല്യത്തിനുള്ള എത്ര അപേക്ഷകളാണ് ഇനി തീർപ്പാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഏതു വർഷം വരെയുള്ള അധിവർഷാനുകൂല്യമാണ് ഇപ്പോൾ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

കര്‍ഷകതൊഴിലാളി ക്ഷേമനിധിയില്‍ നിന്ന്
വിവാഹ ധനസഹായം

2784 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകതൊഴിലാളി ക്ഷേമനിധിയില്‍ പേര് രജിസ്റ്റര്‍ ചെയ്തിട്ടുള്ളവരുടെ പെണ്‍മക്കളുടെ വിവാഹധനസഹായത്തിനുള്ള അപേക്ഷകള്‍ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) വിവാഹ ധനസഹായത്തിനുള്ള അപേക്ഷകള്‍ ഇനി എത്രയെണ്ണം തീര്‍പ്പാക്കാന്‍ ഉണ്ടെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) വിവാഹധനസഹായത്തിനുള്ള അപേക്ഷകളില്‍ വിവാഹത്തിന് മുമ്പ് ധനസഹായം അനുവദിക്കാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ വിവിധ ക്ഷേമനിധികളിലെ പെൻഷൻ കുടിശ്ശിക</u>

2785 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമനിധിയിൽ ഓരോന്നിലും അംഗങ്ങളായവർക്ക് ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് എത്ര രൂപയാണ് പ്രതിമാസം പെൻഷൻ നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആ കാലയളവിൽ എത്ര രൂപയുടെ കുടിശ്ശിക ഓരോ വിഭാഗത്തിലുമുണ്ടായിരുന്നെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം മേൽ സൂചിപ്പിച്ച ഓരോ വിഭാഗത്തിനും പെൻഷൻ ഇനത്തിൽ എത്ര തുക വർദ്ധിപ്പിച്ചിട്ടുണ്ടെന്നും, വർദ്ധിപ്പിച്ച തുക പ്രകാരം ഓരോ വിഭാഗത്തിനും എത്ര രൂപ വീതം ഇതിനകം വിതരണം ചെയ്തുവെന്നും വെളിപ്പെടുത്തുമോ;

(ഡി) നിലവിൽ ഓരോ വിഭാഗത്തിനും എത്ര രൂപയുടെ എത്ര മാസത്തെ കുടിശ്ശിക നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കുടിയേറ്റ തൊഴിലാളി ക്ഷേമനിധി</u>

2786 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനക്കാരായ കുടിയേറ്റ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയിൽ നാളിതുവരെ എത്ര പേരാണ് രജിസ്റ്റർ ചെയ്തതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവർക്കായി എത്ര ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു; എവിടങ്ങളിലൊക്കെയെന്നും എത്ര പേർ വീതം പങ്കെടുത്തുവെന്നും വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് തൊഴിലെടുക്കുന്ന മുഴുവൻ അന്യസംസ്ഥാന തൊഴിലാളികളേയും രജിസ്ട്രേഷനിലും ക്ഷേമനിധിയിലും ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

2787 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ പ്രോവിഡന്റ് ഫണ്ട് പെൻഷൻകാരെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് എന്ന് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?